# ദൈവത്തോടൊപ്പം

## രൂത്ത് 1:14

**"അവർ പിന്നെ പൊട്ടിക്കരഞ്ഞു, ഓർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. രൂത്തോ അവളോടു പറ്റി നിന്നു."**

**ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്ത് ഒരിക്കൽ യെഹൂദയിലെ ബേത്ലഹേമിൽ ക്ഷാമം ഉണ്ടായപ്പോൾ അവിടെ നിന്നും മോവാബ് ദേശത്തേക്ക് പരദേശിയായി പാർക്കാൻ പോയ എലീമലേക്കിന്റെയും നവോമിയുടെയും രണ്ട് മരുമക്കളായ ഓർപ്പയെയും രൂത്തിനെയുമാണ് നാം ഇവിടെ കാണുന്നത്. പത്ത് സംവത്സരം മോവാബിൽ താമസിച്ച ശേഷം നവോമിക്ക് തന്റെ ഭർത്താവിനെയും രണ്ട് ആണ്മക്കളെയും നഷ്ടമായി, തുടർന്ന് നവോമി തന്റെ മരുമക്കളോട് തങ്ങളുടെ ഭവനത്തിലേക്ക് മടങ്ങിപ്പോവാൻ ആവശ്യപ്പെടുമ്പോൾ അവർ എടുത്ത തീരുമാനമാണ് നാം മുകളിലെ വാക്യത്തിൽ കണ്ടത്. വിട്ടുപിരിയാൻ ആദ്യം വിസമ്മതിച്ചു എങ്കിലും ഭാവികാര്യങ്ങൾ വിശദീകരിച്ചപ്പോൾ ഓർപ്പാ പൊട്ടിക്കരഞ്ഞ് പിരിഞ്ഞു എന്ന് വചനം പറയുന്നു. ലോകത്തോട് ചേർന്ന് ചിന്തിച്ച് ശോഭനമായ ഭാവി സ്വപ്നം കണ്ട് സ്വഭവനത്തിലേക്ക് പോയി. പിന്നീട് അവൾക്ക് എന്തു സംഭവിച്ചു എന്ന് നാം വചനത്തിൽ എവിടെയും കാണുന്നില്ല.**

**ഇവിടെയാണ് രൂത്തിന്റെ തീരുമാനം പ്രസക്തമാകുന്നതും നമ്മെ ചിന്തിപ്പിക്കേണ്ടുന്നതും. തന്റെ മരണത്താലല്ലാതെ നവോമിയെ പിരിയില്ല എന്ന തീരുമാനത്തിൽ ഉറച്ച് നിന്നു. അങ്ങനെ അവർ ഒരുമിച്ച് ബേത്ലഹേമിലേക്ക് മടങ്ങിപ്പോയി. തുടർന്ന് നാം കാണുന്നത് രൂത്ത് ബോവാസിന്റെ ഭാര്യാപദവിയിലേക്ക് കടന്നു വരുന്നതും അങ്ങിനെ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ചേർക്കപ്പെടുകയും ചെയ്തു. ശപിക്കപ്പെട്ട മോവാബ്യ ഗോത്രക്കാരിയായ രൂത്തിനെ ഈ സ്ഥാനത്ത് എത്തിച്ചത് നിർണ്ണായക നിമിഷത്തിൽ അവൾ എടുത്ത ഒരു തീരുമാനമാണ്. നമ്മുടെ ജീവിതത്തിലും നാം ആരോട് പറ്റിച്ചേർന്നു നിൽക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ഭാവിയും നിർണ്ണയിക്കപ്പെടുന്നത്. ജീവിതത്തിൽ ഒരു തിരഞ്ഞെടുപ്പ് ആവശ്യമായി വരുമ്പോൾ നാം അതിനെ എങ്ങനെ നോക്കിക്കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ മുമ്പോട്ടുള്ള ജീവിതവും.**

**ലോകം നമുക്ക് മുന്നിൽ അനന്തസാധ്യതകൾ തുറന്നു തരുമ്പോൾ ഭാവിയെ മാത്രം ലക്ഷ്യമിട്ട് ലോകത്തോട് ചേർന്നാൽ നാമും മറ്റൊരു ഓർപ്പയായി മാറിയേക്കാം. ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞു പോകുമ്പോൾ നാമും നമ്മുടെ സ്വപ്നങ്ങളും തകർന്നു**

പോകും. എന്നാൽ എന്നും ദൈവത്തോട് പറ്റിച്ചേർന്ന് നിൽക്കാൻ കഴിയുമെകിൽ, മുന്നിൽ യാതൊരു വഴിയും കാണാത്തപ്പോൾ വഴിയും സത്യവും ജീവനുമായവനെ മുറുകെ പിടിക്കാൻ സാധിച്ചാൽ നമുക്ക് നിത്യതയോളം എത്തി ജീവകിരീടം പ്രാപിക്കാൻ കഴിയും. അതാണ് രൂത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നത്. അതു കൊണ്ട് ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും നമ്മുടെ പറ്റിച്ചേരൽ ദൈവത്തോട് മാത്രം ആകണം. അങ്ങനെയെങ്കിൽ രൂത്തിന്റെ പേര് വേദപുസ്തകത്തിൽ ഇടം നേടിയതുപോലെ നമ്മുടെ പേരും ജീവപുസ്തകത്തിൽ എഴുതപ്പെടും. തീരുമാനം നമ്മുടേതാണ്. മറ്റൊരു ഓർപ്പയായി ലോകത്തോട് ചേർന്ന് മണ്മറയണോ? അതോ നിത്യതയിൽ സ്വർഗ്ഗീയ പിതാവിന്റെ കൂടെ നിത്യകാലം വാഴണമോ? തീരുമാനം എടുക്കാൻ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കട്ടെ.

പരാമർശം :

രൂത്ത് 1:16

നീ പോകുന്നിടത്ത് ഞാനും പോരും, നീ പാർക്കുന്നിടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 064